REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിലെത്തും.**
- **ദീപങ്ങളുടെ ഉത്സവമായ ദീപാവലി ഇന്ന്. രാജ്യമെങ്ങും ആഘോഷം.**
- **140 കോടി ഇന്ത്യക്കാരുടെ കഠിനാധ്വാനം, സർഗ്ഗാത്മകത, നൂതനാശയങ്ങൾ എന്നിവ ഉദ്ഘോഷിച്ച് ഈ ഉത്സവകാലം ആഘോഷിക്കാമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ബിഹാർ നിയമസഭയിലേക്ക് രണ്ടാമത്തേയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പിന് നാമനിർദ്ദേശപ്പത്രിക സമർപ്പിക്കാൻ സമയപരിധി ഇന്നവസാനിക്കും.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത- എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഇന്ത്യയെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിലെത്തും. മറ്റന്നാളാണ് ശബരിമല ദർശനം. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അർധകായ പ്രതിമ രാഷ്ട്രപതി അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും.

പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ഇന്ന് ദീപങ്ങളുടെ ഉത്സവമായ ദീപാവലി. തിന്മയ്ക്ക് മേൽ നന്മയുടെ വിജയം അടയാളപ്പെടുത്തുന്ന ആഘോഷമാണ് ദീപാവലി. വിളക്കുകൾ തെളിച്ചും വർണ്ണ മനോഹരമായ പടക്കങ്ങൾ പൊട്ടിച്ചും മധുര പലഹാരങ്ങൾ വിതരണം ചെയ്തും രാജ്യത്തുടനീളം ദീപാവലി ആഘോഷിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അഞ്ച് ദിവസം നീളുന്നതാണ് ദീപാവലി ആഘോഷം. വീടുകളും തെരുവുകളും ദീപങ്ങൾ, മൺചിരാതുകൾ, ആകർഷകമായ ലൈറ്റുകൾ എന്നിവ കൊണ്ട് അലങ്കരിക്കും.

ഐതിഹ്യങ്ങളനുസരിച്ച് ഐശ്വര്യത്തിന്റെ ദേവിയായ മഹാലക്ഷ്മിയുടെ അവതാര ദിനംകൂടിയാണിത്. പാലാഴി മഥന വേളയിൽ അവതരിച്ച ലക്ഷ്മി ദേവിയെ സമ്പത്തിന്റെ അധിദേവതയായാണ് പരിഗണിക്കുന്നത്.

ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി അയോധ്യയിൽ ഇന്നലെ 33 ആയിരം സന്നദ്ധപ്രവർത്തകർ 26 ലക്ഷത്തി 11,101 വിളക്കുകൾ തെളിച്ച് പുതിയ ലോക റെക്കോർഡ് സൃഷ്ടിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവർ ജനങ്ങൾക്ക് ദീപാവലി ആശംസകൾ നേർന്നു.

ആത്മപരിശോധനയ്ക്കും സ്വയം മെച്ചപ്പെടുത്തലിനുമുള്ള അവസരം കൂടിയാണ് ദീപാവലിയെന്നും സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും പരിസ്ഥിതി സൗഹൃദമായും ദീപാവലി ആഘോഷിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

തിന്മയുടെ മേൽ നന്മയുടെയും അജ്ഞതയുടെ മേൽ അറിവിന്റെയും വിജയമായാണ് ദീപാവലി ആഘോഷിക്കുന്നതെന്നും എല്ലാവർക്കും സമാധാനം, സമൃദ്ധി, നല്ല ആരോഗ്യം എന്നീ അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആശംസിച്ചു.

മാനവികതയുടെ പ്രകാശം പകർന്നു ദീപാവലി നമുക്കാഘോഷിക്കാമെന്നും സ്നേഹവും സാഹോദര്യവും പുലരട്ടെയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ആശംസിച്ചു.

✪✪✪

140 കോടി ഇന്ത്യക്കാരുടെ കഠിനാധ്വാനം, സർഗ്ഗാത്മകത, നൂതനാശയങ്ങൾ എന്നിവ ആഘോഷിച്ചുകൊണ്ട് ഈ ഉത്സവകാലം ആഘോഷിക്കാമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഉത്സവകാലത്ത് വാങ്ങിയത് സോഷ്യൽ മീഡിയയിൽ പങ്കിടാനും മോദി പൗരന്മാരോട് അഭ്യർത്ഥിച്ചു.

ഇന്ത്യയിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ വാങ്ങി - ഗർവ് സേ കഹോ, യേ സ്വദേശി ഹേ എന്ന് പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്ത് ആദ്യമായി ന്യൂക്ലിയർ മെഡിസിനിൽ PG സീറ്റുകൾ അനുവദിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിനാണ് സീറ്റുകൾ അനുവദിച്ചത്.

രാജ്യത്ത് സ്റ്റേറ്റ് മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ന്യൂക്ലിയർ മെഡിസിന് PG പഠനം സാധ്യമാകുന്നത്. മലബാർ കാൻസർ സെന്ററിൽ റേഡിയേഷൻ ഓങ്കോളജിയിലും PG സീറ്റുകൾ അനുവദിച്ചിട്ടുണ്ട്.

81 പുതിയ PG സീറ്റുകൾക്കാണ് കേരളത്തിന് ഇത്തവണ NMC അനുമതി നൽകിയത്.

✪✪✪

കേരളത്തിന്റെ ഐക്യത്തിന്റെയും സാഹോദര്യത്തി ന്റെയും പ്രതീകമാണ് വള്ളം കളിയെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ നീലേശ്വരം കോട്ടപ്പുറം അച്ചാംതുരുത്തി തേജസ്വിനി പുഴയിൽ സംഘടിപ്പിച്ച ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി മത്സരങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ചാമ്പ്യൻസ് ബോട്ട്ലീഗിന്റെ അഞ്ചാം സീസണിലെ ആറാം മത്സരവും കാസർകോട് ജില്ലയിലെ ആദ്യ മത്സരവുമാണ് കോട്ടപ്പുറത്ത് സംഘടിപ്പിക്കുന്നത്.

✪✪✪

ആരാധനാലയങ്ങൾ പോലുള്ള വിശ്വാസകേന്ദ്രങ്ങൾ പൊതുജനങ്ങൾക്ക് സന്തോഷം നൽകുന്ന കേന്ദ്രങ്ങളാകണമെന്ന് മന്ത്രി KN. ബാലഗോപാൽ പറഞ്ഞു. വിശ്വാസത്തിന്റെ പേരിൽ രാഷ്ട്രീയം പാടില്ലെന്നും, വിശ്വാസത്തിന്റെ ലക്ഷ്യം മനസ്സമാധാനവും ലോകസമാധാനവും ആകുമ്പോൾ വിശ്വാസകേന്ദ്രങ്ങൾ പൊതുകേന്ദ്രങ്ങൾ ആകുകയെന്നത് പ്രധാനമാണെന്നും മന്ത്രി കൊല്ലത്ത് പറഞ്ഞു.

S.N.D.P. യോഗം ജനറൽ സെക്രട്ടറി സ്ഥാനത്ത് മൂന്ന് പതിറ്റാണ്ടായി തുടരുന്ന വെള്ളാപ്പള്ളി നടേശന് S.N.D.P. യോഗം കൊല്ലം യൂണിയന്റെ നേതൃത്വത്തിൽ നൽകിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി ബാലഗോപാൽ.

മന്ത്രി ജെ. ചിഞ്ചു റാണി, എൻ. കെ. പ്രേമചന്ദ്രൻ എം.പി., BJP. സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും പങ്കെടുത്തു.

✪✪✪

കഴിഞ്ഞ  മാസം 22-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ  എല്ലാ വിഭാഗങ്ങൾക്കും ഗണ്യമായ ആശ്വാസം നൽകുന്നു. മെഡിക്കൽ രംഗത്ത് GST പരിഷ്കാരങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഒരു റിപ്പോർട്ട്.

...........വോയ്സ്.......

ആരോഗ്യ രംഗത്തിന് ശക്തിപകരുന്നതാണ് വരും തലമുറ GST പരിഷ്കാരം. 36 ജീവൻരക്ഷാ മരുന്നുകൾക്ക് പൂർണ്ണമായും നികുതി ഒഴിവാക്കിയത് വലിയൊരു ജനവിഭാഗത്തിന് ആശ്വാസം പകരും. നേരത്തെ 12 ശതമാനം നികുതിയുണ്ടായിരുന്ന, കാൻസർ, ഗുരുതരമായ വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയുടെ മരുന്നുകൾക്കാണ് GST പൂർണമായും ഒഴിവാക്കിയത്.

ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങൾക്ക് 18 ശതമാനം ഉണ്ടായിരുന്ന നികുതിയും പൂർണ്ണമായി ഒഴിവാക്കി. ഇത് പ്രീമിയം തുക കുറയ്ക്കുകയും കൂടുതൽ പൗരന്മാരെ ഇൻഷുറൻസ് എടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

ഇതുകൂടാതെ തുണി, ബാൻഡേജ്, ഡയഗ്നോസ്റ്റിക് കിറ്റുകൾ, ഗ്ലൂക്കോമീറ്ററുകൾ, തെർമോമീറ്ററുകൾ തുടങ്ങിയ അവശ്യ മരുന്നുകൾക്കും മെഡിക്കൽ ഉപകരണങ്ങൾക്കും മുൻപുണ്ടായിരുന്ന 12 ശതമാനം GST നിരക്ക് 5 ശതമാനമായി കുറച്ചു.

മരുന്നുകൾക്കും മെഡിക്കൽ ഉപകരണങ്ങൾക്കുമുള്ള പുതിയ GST നിരക്കുകൾ ആരോഗ്യ സംരക്ഷണം കൂടുതൽ എളുപ്പമാക്കുകയും ഈ മേഖലയിലെ ആഭ്യന്തര ഉത്പാദനത്തെ പിന്തുണക്കുകയും ചെയ്യുമെന്ന് വിലയിരുത്തപ്പെടുന്നു.

✪✪✪

ബിഹാർ നിയമസഭയിലേക്ക് രണ്ടാമത്തേയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പിനു നാമനിർദ്ദേശപ്പത്രിക സമർപ്പിക്കാനുള്ള സമയം ഇന്നവസാനിക്കും. ബിഹാറിലെ 20 ജില്ലകളിലായി 122 നിയമസഭാ മണ്ഡലങ്ങളിലേക്ക്, നവംബർ 11-നാണ് വോട്ടെടുപ്പ്. ഈ മാസം 23 വരെ പത്രിക പിൻവലിക്കാം. ദീപാവലിക്കു ശേഷം രാഷ്ട്രീയ കക്ഷികൾ പ്രചാരണം കൂടുതൽ ശക്തമാക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ മലമ്പുഴ ഡാമിന്റെ 4 സ്പിൽവേ ഷട്ടറുകൾ 40 cm ആയി ഉയർത്തി.

പാലക്കാട് ജില്ലയിൽ ആകെ എട്ട് ഡാമുകളുടെ ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്.

✪✪✪

ഒളിമ്പിക്സ് മാതൃകയിലെ അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം നാലിന് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഈ മാസം 28 വരെയാണ് കായികമേള സംഘടിപ്പിക്കുന്നത്.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി പ്രതിനിധി രെജു കൊലിയാക്കോട് തയ്യാറാക്കിയ റിപ്പോർട്ട്....

.......വോയ്സ്.....

കായികതാരങ്ങളുടെ മാർച്ച് പാസ്റ്റോടെയാകും അറുപത്തിയേഴാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടന ചടങ്ങിന് തുടക്കമാവുക.

തുടർന്ന് ഫുട്ബോൾ താരം ഐ.എം വിജയൻ, മന്ത്രി വി.ശിവൻകുട്ടിയ്ക്കൊപ്പം ദീപശിഖ കൊളുത്തും. പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, എം.പി.മാർ, എം.എൽ.എമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ക്രിക്കറ്റ് താരം സഞ്ജു സാംസൺ മേളയുടെ ബ്രാന്റ് അംബാസഡറും ചലച്ചിത്ര താരം കീർത്തി സുരേഷ് മേളയുടെ ഗുഡ്വിൽ അംബാസഡറും ആണ്. ഉദ്ഘാടന ചടങ്ങിന് ശേഷം വിവിധ കലാപരിപാടികൾ അരങ്ങേറും.

12 വേദികളിലായാണ് കായിക മത്സരങ്ങൾ നടക്കുന്നത്.ഇൻക്ലൂസീവ് സ്പോർട്സിന്റെ ഭാഗമായി 1944 കായിക താരങ്ങൾ അടക്കം ഇരുപതിനായിരത്തിലധികം താരങ്ങൾ പങ്കെടുക്കും.

ഗൾഫ് മേഖലയിൽ കേരള സിലബസിൽ പഠിക്കുന്ന ഏഴ് സ്കൂളുകളിൽ നിന്നും 35 കുട്ടികൾ കായിക മേളയിൽ പങ്കെടുക്കും.ആയിരത്തോളം ഒഫീഷ്യൽസും രണ്ടായിരത്തോളം വോളന്റിയേഴ്സും മേളയുടെ ഭാഗമാകും.

പുത്തരിക്കണ്ടം മൈതാനത്ത് രണ്ടായിരത്തി അഞ്ഞൂറോളം പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള വിപുലമായ ഭക്ഷണശാലയും ഒരുക്കിയിട്ടുണ്ട്.കായികതാരങ്ങൾക്ക് വേദികളിലേക്ക് യാത്ര ചെയ്യാനായി 142 ബസുകളും സജ്ജമാക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പാണ് ഇത്തവണ നൽകുന്നത്.

✪✪✪

ഇൻഡോറിൽ ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയെ 4 റൺസിന് പരാജയപ്പെടുത്തി ഇംഗ്ലണ്ട് സെമിയിൽ പ്രവേശിച്ചു. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇംഗ്ലണ്ട് നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 288 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യക്ക് നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 284 റൺസെടുക്കാനേ സാധിച്ചുള്ളൂ.

ഇന്ന് ശ്രീലങ്ക ബംഗ്ലാദേശിനെ നേരിടും. നവി മുംബൈയിലെ ഡോ. ഡി.വൈ. പാട്ടീൽ സ്പോർട്സ് അക്കാദമിയിൽ ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

ബഹ്റൈനിലെ മനാമയിൽ ഏഷ്യൻ യൂത്ത് ഗെയിംസിൽ ഇന്ത്യക്ക് ആദ്യ മെഡൽ. വനിതകളുടെ 70 കിലോഗ്രാം കുറാഷിൽ 15കാരിയായ ഖുഷി വെങ്കലം നേടി. സെമി ഫൈനലിൽ ഉസ്ബക്കിസ്ഥാൻ താരത്തോട് പരാജയപ്പെട്ടതോടെയാണ് ഖുഷിക്ക് വെങ്കലം ലഭിച്ചത്. ആധുനിക ഉസ്ബെക്കിസ്ഥാനിൽ ഉത്ഭവിച്ച ഒരു പരമ്പരാഗത മല്ലയുദ്ധ രൂപമാണ് കുറാഷ്.

✪✪✪

21-മത് എക്സൈസ് കലാ-കായിക മേളയിൽ എറണാകുളം ജില്ല ചാമ്പ്യന്മാരായി. കൽപ്പറ്റ മരവയൽ ജില്ലാ സ്റ്റേഡിയത്തിൽ മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ച സംസ്ഥാന എക്സൈസ് കലാ-കായിക മേളയുടെ സമാപന പരിപാടി എക്സൈസ് വിജിലൻസ് ഓഫീസർ P. വിക്രമൻ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ രണ്ടാം സ്ഥാനവും കാസർഗോഡ് മൂന്നാം സ്ഥാനവും നേടി.

✪✪✪

ലോകത്തിലെ ഏറ്റവും മികച്ച പ്രദേശമാക്കി കേരളത്തെ മാറ്റുകയാണ് വികസന സദസ്സിലൂടെ ഗവൺമെന്റ് ലക്ഷ്യം വെക്കുന്നതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. പാലക്കാട്, കപ്പൂർ ഗ്രാമപഞ്ചായത്തിലെ വികസന സദസ്സ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷം നയങ്ങളുടെയും പദ്ധതികളുടെയും തുടർച്ചയുണ്ടായതായും മന്ത്രി പറഞ്ഞു.

✪✪✪

പുനർനിർമിച്ച കോടഞ്ചേരി പറപ്പറ്റ പാലം ഇന്ന് നാടിന് സമർപ്പിക്കും. വൈകീട്ട് മന്ത്രി MB രാജേഷ് പാലം ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 3 കോടി രൂപ അനുവദിച്ചാണ് 2018 ലെ പ്രളയത്തിൽ തകർന്ന പറപ്പറ്റ പാലം പുനർനിർമിച്ചത്.

കോടഞ്ചേരി - പറപ്പറ്റ-ചെമ്പുകടവ്-അടിവാരം റോഡിൽ ചാലിപ്പുഴയിലാണ് പറപ്പറ്റ പാലം

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച പ്രഥമ തലശ്ശേരി രാജ്യാന്തര ചലച്ചിത്രമേള സമാപിച്ചു. സമാപനസമ്മേളനം മന്ത്രി OR കേളു ഉദ്ഘാടനം ചെയ്തു. നമ്മുടെ നാടിനെ ഇന്നത്തെ കേരളമായി മാറ്റിയെടുക്കാൻ സാധിച്ചതിൽ ചലച്ചിത്രങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ ചലച്ചിത്ര അവാർഡ് ജേതാവ് വിജയരാഘവനെ നിയമസഭാ സ്പീക്കർ AN ഷംസീർ ആദരിച്ചു.

✪✪✪

വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭ്യമാക്കാൻ ഗവൺമെന്റിന് സാധിച്ചതായി മന്ത്രി AK ശശീന്ദ്രൻ. കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് വികസന സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ സെക്രട്ടറി R ഗോപീകൃഷ്ണൻ പ്രകാശനം ചെയ്തു. ഹരിത കർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

✪✪✪

കേരളത്തിൽ PM ശ്രീ പദ്ധതി നടപ്പാക്കാനുള്ള സംസ്ഥാന ഗവൺമെന്റ് തീരുമാനം വൈകി വന്ന വിവേകമാണെന്ന് BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. രാജ്യത്തെ 14,500 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വപ്ന പദ്ധതിയാണ് PM-ശ്രീ.

കേരളത്തിൽ 336 വിദ്യാലയങ്ങൾക്കാണ് PM ശ്രീയിൽ പ്രയോജനം ലഭിക്കുന്നതെന്നും രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.

✪✪✪

കഴിയുന്നത്ര നീതിപുലർത്തി നല്ലൊരു നേതൃത്വത്തെ പ്രദാനം ചെയ്യാൻ KPCC പുനസംഘടനയിലൂടെ ശ്രമിച്ചിട്ടുണ്ടെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോൺഗ്രസ് നേതാക്കന്മാർ ഉൾപ്പെടെ എല്ലാവരും 100% തൃപ്തരല്ലെന്നും ചാണ്ടി ഉമ്മനെയും അബിൻ വർക്കിയെയും പരിഗണിക്കാത്തതിൽ ഓർത്തഡോക്സ് സഭയുടെ വിമർശനം ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

*News Editor : ശ്രുതി എം*
*News Reader: നിഷിത കുമാരി*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*